**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4391** — **10-08-2021 - ൽ മറുപടിയ്ക്ക്**

**പഴം-പച്ചക്കറി വില നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പഴം-പച്ചക്കറി വർഗ്ഗങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | എങ്കിൽ ഇവയുടെ വില വർദ്ധനവിനു കാരണമാകുന്ന ഇടനില വ്യാപാരികളുടെ ഇടപെടലുകൾ എന്താണെന്ന് വിശദമാക്കുമോ; | (ബി) | ബാധകമല്ല |
| (സി) | വില നിയന്ത്രിക്കുന്നതിനും ഇത്തരം സാധനങ്ങളുടെ ഏകീകൃത വില നിർണ്ണയം ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | ഉത്സവ കാലങ്ങളിൽ പ്രത്യേകിച്ച് ഓണം, വിഷു കാലയളവിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണികളിൽ നിന്നും ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയെക്കാൾ 10% അധികം വില നൽകി സംഭരിക്കുകയും പൊതു വിപണിയിലെ വിൽപ്പന വിലയിൽ നിന്നും 30% കുറഞ്ഞ വിലയ്ക്ക് ഇവ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. ഹോർട്ടികോർപ്പ്, VFPCK, കൃഷി വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് സംഭരണം ഏകോപിപ്പിക്കുന്നത്. ഓണം സമൃദ്ധി 2021 നടത്തുന്നതിലേക്കായി 19/07/2021 ലെ G.O. (Rt) 602/2021/Agri പ്രകാരം 21 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലേക്കായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2000 മാർക്കറ്റുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത്. ഹോർട്ടികോർപ്പിന്റെ വില്പനശാലകളിലെ വില പൊതുവിപണിയിലെ വിലയേക്കാളും താഴ്ന്നിരിക്കണം എന്ന പൊതു നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ വിപണി വില അധികമാകുന്ന സാഹചര്യത്തിൽ ഹോർട്ടികോർപ്പ് നേരിട്ട് ഇടപെട്ട് കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുന്നുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ സവാളയുടെ വില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ ഹോർട്ടികോർപ്പ് നേരിട്ട് സവാള |

| | | | |
|---|---|---|---|
| | | | ഉല്പാദനമേഖലകളിൽ നിന്ന് സംഭരിക്കുകയും വിപണികൾ വഴി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ